**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3198** **04-08-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ജില്ലാ ആശുപത്രിയിലെ 'വിമുക്തി' കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ ഇപ്പോൾ കിടത്തി ചികിത്സ നടത്തുന്നുണ്ടോ; കിടത്തി ചികിത്സ നിർത്തി വെച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ; | (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തി ക്കുന്ന വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ ഇപ്പോൾ കിടത്തി ചികിത്സ ഇല്ല. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കോവിഡ് - കോവിഡേതര ചികിത്സക്ക് വരുന്ന രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാലും ഒരു വാർഡ് കോവിഡ് വാർഡാക്കി മാറ്റിയതിനാലും പ്രസവാനന്തരം അഡ്മിറ്റാക്കേണ്ട സ്ത്രീകളെ ഉൾക്കൊള്ളാൻ സാധിക്കാത്തതിനാലും വിമുക്തിയിലെ ഐ.പി. വിഭാഗം ബെഡുകൾ താൽക്കാലിക മായി പ്രസവാനന്തര ചികിത്സക്ക് ഉപയോഗി ക്കേണ്ടി വന്നത് കൊണ്ടാണ് ' വിമുക്തി ' ലഹരി വിമുക്ത കേന്ദ്രത്തിൽ കിടത്തി ചികിത്സ ഇല്ലാത്തത്. |
| (ബി) | ആഴ്ചയിൽ എത്ര ദിവസമാണ് വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ ഔട്ട് പേഷ്യന്റ് വിഭാഗം പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ; കിടത്തി ചികിത്സ ആവശ്യമായ രോഗികൾക്ക് ഇപ്പോൾ എപ്രകാരമാണ് ചികിത്സ നൽകുന്നതെന്ന് വിശദമാക്കാമോ; | (ബി) | ആഴ്ചയിൽ മൂന്ന് ദിവസമാണ് വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നത്. വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ സ്ഥിരം സൈക്യാട്രിസ്റ്റ് ഡോക്ടർ ഇല്ലാത്തതിനാൽ മഞ്ചേരി മെഡിക്കൽ കോളേജിലെ സൈക്യാട്രിസ്റ്റിന്റെ സേവനമാണ് ലഭിക്കുന്നത്. കിടത്തി ചികിത്സ ആവശ്യമുള്ള രോഗികളെ മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്നു. |
| (സി) | വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിന്റെ നടത്തിപ്പ് ചെലവുകൾ വഹിക്കുന്നത് ഏത് വകുപ്പാണെന്നും നിലമ്പൂർ ജില്ലാ ആശുപത്രിയിൽ വിമുക്തി ലഹരി വിമുക്ത കേന്ദ്രം സ്ഥാപിക്കുന്നതിന് എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (സി) | നിലമ്പൂർ ലഹരി മോചന കേന്ദ്രത്തിലെ ചെലവുകൾ വഹിക്കുന്നത് എക്സൈസ് വകുപ്പാണ്. നിലമ്പൂർ ജില്ലാ ആശുപത്രിയോട് അനുബന്ധിച്ച് ലഹരി മോചന ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് 4,03,931/- രൂപ ചെലവായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കേന്ദ്രത്തിൽ കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിന് ആവശ്യമായ സൗകര്യം | (ഡി) | കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിന് കോവിഡിന്റെ വ്യാപനം കുറയുന്നതിനനുസരിച്ച് |

| | | | |
|---|---|---|---|
| | അടിയന്തരമായി ലഭ്യമാക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകുമോ? | | വിമുക്തി വാർഡ് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ